

WEDNESDAY 19/11/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/11/2025

1. 2025 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ഉപന്യാസ രചന (മലയാളം/ ഇംഗ്ലീഷ്), കാർഷിക ക്വിസ് മത്സരങ്ങൾ നവംബർ 27ന് തിരുവനന്തപുരം പാറോട്ടുകോണത്തെ സംസ്ഥാന സോയിൽ മ്യൂസിയത്തിൽ വച്ച് സംഘടിപ്പിക്കും.. താല്പര്യമുള്ള വിദ്യാർഥികൾ നവംബർ 22 ന്, വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷിക്കേണ്ടതാണ്. ഇ-മെയിൽ (worldsoildaykerala2025@gmail.com)/ ഫോൺ: 0471 2541776/9544727095/7025802695 മുഖേന രജിസ്റ്റർ ചെയ്യണം.

2. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) തിട്ടപ്പെടുത്തൽ, കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന, ജൈവ-രാസവളങ്ങളുടെ പരിശോധന, വിപണനത്തിനുള്ള റബ്ബറിന്റെ ഗുണമേന്മ പരിശോധന തുടങ്ങി റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി നൽകുന്ന സേവനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക്

2025 നവംബർ 19ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ ജൂനിയർ സയന്റിഫിക് ഓഫീസർ മിനി എം. മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

3. മാറുന്ന കാലാവസ്ഥാ സാഹചര്യത്തിൽ സുസ്ഥിര കൃഷിക്ക് ഭീഷണിയാകുന്ന കളകളെ കൈകാര്യം ചെയ്യുന്നതിനുള്ള നവീന തന്ത്രങ്ങൾ ചർച്ച ചെയ്യാൻ രാജ്യാന്തര സെമിനാർ സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളജ്, അഗ്രോണമി വിഭാഗത്തിന്റെ നേതൃത്വത്തിൽ **ഈ മാസം 27, 28** തീയതികളിലാണ് സെമിനാർ നടത്തും. കാലാവസ്ഥ മാറ്റം കളകളുടെ വളർച്ചയിലും വ്യാപനത്തിലും വരുത്തുന്ന മാറ്റങ്ങൾ സെമിനാറിൽ പ്രധാന ചർച്ചാവിഷയമാകും. ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണിവേഴ്സിറ്റിയിലെ ഡോ. ബി.എസ്. ചൗഹാൻ മുഖ്യപ്രഭാഷണം നടത്തും. ഐ.സി.എ.ആർ. – ഐ.എ.ആർ.ഐ., ഐ.സി.എ.ആർ. –സി.ടി.സി.ആർ.ഐ., ടി.എൻ.എ.യു. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുക്കും. സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സ്പോട്ട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ www.cwis2025.com. എന്ന വെബ് സൈറ്റിൽനിന്നു ലഭിക്കും.

4. ചെറുതേനീച്ചവളർത്തലിനെക്കുറിച്ചും ചെറുതേനീച്ചകോളനികളുടെ ശാസ്ത്രീയമായ പരിചരണങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഈ രംഗത്ത് വൈദഗ്ധ്യം നേടിയ ഹോർട്ടിക്കോർപ്പിലെ മുൻ പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേൽ 2025 നവംബർ 20 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 26,27 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"ആട് വളർത്തൽ- ശാസ്ത്രീയ പരിപാലന രീതികൾ"** എന്ന വിഷയത്തിൽ 2025 നവംബർ 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id - kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നവംബർ 21, 22 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് അഞ്ച് മണി വരെ **"ആട് വളർത്തലിൽ"** പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നവംബർ 20 ന് വൈകീട്ട് നാല് മണിക്കകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്കാണ് പ്രവേശനം. ഫോൺ: 0497 2763473.

8. വയനാട് സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സിന്റെ ആഭിമുഖ്യത്തിൽ **ഹൈഡ്രോപോണിക്സ് കൃഷി** എന്ന വിഷയത്തിൽ ഈമാസം 19, 20 തീയതികളിൽ ക്ലാസുകൾ നടത്തുന്നതാണ്. പരിശീലന ഫീസ് 2500 രൂപ (താമസം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഭക്ഷണച്ചിലവുകളടക്കം). കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 7558038632.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം